**14**

## ഫാദേഴ്സ് ഡേ പ്രസന്റ്

"നാളെ ഫാദേഴ്സ് ഡേയാണ്. മോന്റച്ഛനു സമ്മാനമായി നീയെന്താണു വാങ്ങുന്നത്?" ഇന്നലെ അമേരിക്കൻ സഹപ്രവർത്തകർ ചോദിച്ചു.

ഭർത്താവ് എന്നല്ല 'മോന്റച്ഛൻ'എന്നാണവർ പറഞ്ഞത്. കാരണം അവരിൽ പലർക്കും ഭർത്താക്കന്മാരും മക്കളുടെ പിതാക്കന്മാരും വെവ്വേറെയുണ്ട്. മക്കളുടെ പിതൃത്വത്തിനെപ്പറ്റി ചിന്തിക്കുമ്പോൾ അനിശ്ചിതാവസ്ഥയിലാകുന്നവരും അവരുടെ ഇടയിൽ ഇല്ലാതില്ല.

എനിക്ക് ഭർത്താവായും മോന്റച്ഛനായും ഒരാളെയുള്ളൂ. ഭാഗ്യം മത്തച്ചന് ഒരു ടീ ഷർട്ടു വാങ്ങി. അങ്ങേരത് അണിയുമെന്ന് തോന്നുന്നില്ല. മറ്റുള്ളവർ വാങ്ങുന്നതൊന്നും അങ്ങേർക്കു പിടിക്കില്ല. പറയാറുണ്ട് "നീയെനിക്കു രണ്ടു കാര്യങ്ങൾ തന്നാൽ മതി. സ്നേഹവും ഭക്ഷണവും."

ദിവസവും നൽകുന്നത് സമ്മാനമാവില്ലല്ലോ.

ഷർട്ട് വർണക്കടലാസിൽ പൊതിഞ്ഞ് ഒരു കടലാസുപൂവും പതിക്കണം. അതാണ് അതിന്റെയൊരു രീതി.

മത്തച്ചൻ മോനെ ഡ്രൈവിംഗ് പഠിപ്പിക്കാൻ പോയിരിക്കയാണ്. കഴിഞ്ഞയാഴ്ച പതിനാറു തികഞ്ഞ ജെറി അന്നു തന്നെ പെർമിറ്റെടുത്തു. അതുമായി വന്നപാടെ പറഞ്ഞു. "എനിക്ക് നൂറു മാർക്കു കിട്ടി." അതിൽ ഒരു പരിഹാസം ഒളിഞ്ഞിരിപ്പുണ്ടായിരുന്നു. ഞാൻ പെർമിറ്റിനുവേണ്ടി രണ്ടു തവണയെഴുതി. ജയിച്ചതോ വെറും പാസ്മാർക്കിൽ.

അവനു പെർമിറ്റു കിട്ടിയതു മുതൽ പിന്നാലെ ആയിരുന്നു. ഡ്രൈവിംഗിനു കൊണ്ടുപോകണം. എന്തോ എനിക്കത്ര സുരക്ഷിതത്വം തോന്നിയില്ല.

"പപ്പാ പോകാം. ഇന്നു നല്ല ദിവസാ.........പ്ലീസ്........" വെളുക്കുന്നതിനു മുൻപ് ജെറി മത്തച്ചനെ വിളിച്ചുണർത്തി. മത്തച്ചൻ മനസ്സില്ലാമനസ്സോടെ എണീറ്റു. മെല്ലെ കതകു ചാരുന്നതിനിടയിൽ അവൻ വീണ്ടും പറഞ്ഞു. "മമ്മി കിടന്നോ. തിരിച്ചു വരുമ്പോ ഞങ്ങൾ ബ്രേക്ക് ഫാസ്റ്റ് കൊണ്ടുവരാം. ഇന്നത്തെ ട്രീറ്റ് എന്റെ വക."

ആദ്യമായി കാറോടിക്കാൻ പോകുകയാണ്. ഇത്രയും സന്തോഷവാനായി അവനെ മുമ്പൊരിക്കലും കണ്ടതായോർമ്മയില്ല.

ജെറി കാർ സ്റ്റാർട്ടാക്കുന്ന ശബ്ദം. സ്കൂളിലേക്കും സൂപ്പർ മാർക്കറ്റിലേക്കുമുള്ള വഴികൾ കാണാതറിയാവുന്ന 'മമ്മിയുടെ കാറ്.' മറ്റെവിടെപ്പോയാലും വഴിതെറ്റും. ഏറെത്താമസിയാതെ അത് അവന്റേതാവും. പിന്നെ നാടുനീളെയുള്ള വഴികൾ മനഃപ്പാഠമാക്കാൻ ഏറെ നാൾ വേണ്ടി വരില്ല.

കാർ കൂടാതെ ഞങ്ങൾക്ക് ഒരു പുതിയ ജീപ്പു കൂടിയുണ്ട്. പക്ഷേ ജീപ്പിൽ ഒന്നു തൊടാൻ പോലും മത്തച്ചൻ അനുവദിക്കില്ല. അദ്ദേഹം കുളിച്ചില്ലെങ്കിലും എന്നും ജീപ്പു കഴുകും. തുടച്ചു വൃത്തിയാക്കും. ഇരട്ടകളെപ്പോലെയാണവർ. ചിലപ്പോൾ അവർ തമ്മിൽ സംസാരിക്കുന്നതായി പോലും തോന്നാറുണ്ട്.

തണുത്ത കാറ്റ്, പുറത്തു മഴ ചാറി. ഞാൻ പുതപ്പെടുത്തു മൂടി. സ്വസ്ഥമായൊന്നുറങ്ങണം. തനിച്ച് ഒരു മണിക്കൂർ കിടന്നുറങ്ങിയിട്ട് നാളേറെയായി.

മയക്കം കണ്ണിലേക്കു കയറിത്തുടങ്ങിയപ്പോൾ എന്തോ ശബ്ദം കേട്ടു. പുതപ്പുനീക്കി. കിടന്നുകൊണ്ടുതന്നെ തലയുയർത്തിനോക്കി. വിശ്വസിക്കാനായില്ല. ജീപ്പിന്റെ ഡ്രൈവർ സീറ്റിൽ ജെറി! അവൻ ഓടിച്ചുകൊണ്ടുപോകുന്നു. 'മമ്മിയുടെ കാറ്' വഴിയരുകിലേക്ക് മാറ്റി പാർക്കുചെയ്തിട്ടുണ്ട്.

എത്ര മോഹിച്ചതാണ് ആ ജീപ്പൊന്നോടിക്കാൻ. സമ്മതിച്ചില്ല. മകൻ അപ്പനെ മയക്കിയെടുത്തു.

കിടന്നുകൊണ്ടുതന്നെ റിമോട്ട് കൺട്രോൾ അമർത്തി. ടെലിവിഷനിൽ ഫാദേഴ്സ് ഡേ സെയ്ലിന്റെ പരസ്യങ്ങൾ. ഫോൺ വിളിച്ച് ക്രെഡിറ്റ് കാർഡ് നമ്പർ കൊടുത്താൽ ലോകത്തിന്റെ ഏതു കോണിലും സമ്മാനങ്ങൾ എത്തിച്ചുകൊടുക്കാൻ തയ്യാറായി നിൽക്കുന്ന കച്ചവടക്കാർ. റോസാപ്പൂവു മുതൽ റോളക്സ് വാച്ചു വരെ. ഇന്നുതന്നെ വാങ്ങിയാൽ വിലയിൽ അമ്പതു ശതമാനത്തിലേറെ കിഴിവ്!

ഫാദേഴ്സ് ഡേയെപ്പറ്റി കണ്ടുംകേട്ടുമിരിക്കെ മൺമറഞ്ഞ അപ്പനെക്കുറിച്ചോർത്തു. സമ്മാനങ്ങളിൽ വിശ്വസിക്കാതിരുന്ന മനുഷ്യൻ. കിട്ടിയതിലേറെ കൊടുത്ത അപ്പൻ. ഒരു ചെരിപ്പോ ഉടുപ്പോ

വാങ്ങിത്തരാൻ ജന്മദിനമോ ക്രിസ്മസോ കാത്തിരിക്കാത്ത പിതാവ്. പിറന്നാളോ വിവാഹവാർഷികമോ ഒരിക്കലെങ്കിലും ആഘോഷിച്ചതായോർമ്മയില്ല. വെറും പച്ചയായ ഒരു മനുഷ്യസ്നേഹി. മനുഷ്യരെ മാത്രമല്ല പക്ഷികളെയും മൃഗങ്ങളെയും അപ്പൻ സ്നേഹിച്ചിരുന്നു. വീട്ടിൽ വളർത്തിയിരുന്ന പട്ടി, പൂച്ച, മുയൽ, പ്രാവ് തുടങ്ങിയവയ്ക്കു തീറ്റി കൊടുക്കാൻ അപ്പൻ ആരെയും ആശ്രയിച്ചിരുന്നില്ല.

സ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന അപ്പൻ ഉച്ചക്ക് ഊണു കഴിക്കാനെത്തുമ്പോൾ പച്ചിലപ്പടർപ്പി നിടയിൽ നിന്ന് ഒരു അണ്ണാൻ മുറ്റത്തേക്കോടിയെത്താറുണ്ടായിരുന്നു. ഈ അണ്ണാൻ അപ്പന്റെ പ്രിയ ചങ്ങാതിയായിരുന്നു. ഊണു കഴിഞ്ഞ് ഒരു കൊച്ചുരുള അണ്ണാനു കൊടുക്കും. അണ്ണാൻ അതു കഴിച്ച് വാലാട്ടി മുറ്റത്തു കൂടി ഓടിക്കളിക്കും. സ്കൂളിലേക്കു തിരിച്ചുപോകുന്ന അപ്പന്റെ പുറകെ തുള്ളിച്ചാടി തിരിച്ചുവന്ന് പറമ്പിലേക്കോടി മറയും.

അസിസ്റ്റന്റ് എജ്യുക്കേഷൻ ഓഫീസറായി അപ്പന് ഉദ്യോഗക്കയറ്റം കിട്ടി. എന്നാൽ അപ്പനതു സ്വീകരിച്ചില്ല. പട്ടണത്തിൽ ജോലിക്കു പോയാൽ ഉച്ചയ്ക്ക് വീട്ടിൽ വന്ന് ഊണുകഴിക്കാൻ കഴിയില്ലെന്നതായിരുന്നു അപ്പൻ പറഞ്ഞ കാരണം. അകന്നിരിക്കാൻ കഴിയാഞ്ഞാണ് അപ്പൻ പ്രമോഷൻ നിരസിച്ചതെന്നു പറഞ്ഞ് അമ്മയെ അനുജത്തിമാർ കളിയാക്കി. വാസ്തവം. എനിക്കും അമ്മയ്ക്കുമറിയാമായിരുന്നു. പട്ടണത്തിൽ ജോലിക്കു പോയാൽ പട്ടിയും പൂച്ചയും കിളികളും അണ്ണാനുമെല്ലാം പട്ടിണിയാകുമെന്നതായിരുന്നു അപ്പന്റെ ഭയം.

പത്തിലെ പരീക്ഷ കഴിഞ്ഞ മദ്ധ്യവേനലവധിക്കാലം. പട്ടണത്തിൽ താമസിക്കുന്ന ഇളയപ്പന്റെ മകൻ രാജനെ കുറച്ചു നാളത്തേക്ക് ഞങ്ങളുടെ വീട്ടിലേക്കയച്ചു. ചീത്ത കൂട്ടുകാരിൽ നിന്നകറ്റുന്നതോടൊപ്പം അപ്പനെക്കൊണ്ട് ഇംഗ്ലീഷിനു ട്യൂഷൻ കൊടുപ്പിക്കുക എന്ന ഉദ്ദേശ്യം കൂടി ഇളയപ്പനുണ്ടായിരുന്നു. രാജന്റെ വികൃതിത്തരങ്ങളൊന്നും അപ്പന്റടുത്തു നടക്കുമായിരുന്നില്ല. വന്ന ദിവസം തന്നെ പോക്കറ്റിൽ കിടന്ന സിഗരറ്റ് പാക്കറ്റ് വാങ്ങി തീയിലിട്ടു.

ഒരു തിങ്കളാഴ്ചയായിരുന്നു. ഉച്ചയോടടുത്ത നേരം. അപ്പൻ ഒരു ബന്ധുവിന്റെ വിവാഹത്തിൽ സംബന്ധിക്കാൻ പോയി. മുറിയിൽ പത്രമാസികകൾ നോക്കിക്കൊണ്ടിരിക്കെ പുറത്ത് എന്തോ പൊട്ടിത്തകർന്നതുപോലൊരു ശബ്ദം. വരാന്തയിലേക്കോടിച്ചെന്നു. മുറ്റത്തു കൈത്തോക്കുമായി നിൽക്കുന്ന രാജൻ. മുന്നിൽ തല ചിന്നിച്ചിതറിയ നിലയിൽ അണ്ണാൻ. അപ്പനെ തേടി വന്ന അണ്ണാന്റെ ചോര മുറ്റത്തെ മണൽത്തരികളിൽ.

“ഈ പിശാചിനെ ഓടിക്കാൻ കൊറെ പാടുപെട്ടു. ഭയങ്കര തുള്ളിച്ചാട്ടമായിരുന്നു. ഇപ്പോ. അടക്കായി.” രാജൻ ചിരിച്ചു.

ഞാൻ വാവിട്ട് നിലവിളിച്ചു. കേട്ടോടിയെത്തിയ അമ്മ മുറ്റത്തു ചത്തു കിടന്നിരുന്ന അണ്ണാനെ നോക്കി. “എന്റീശോ........” എന്നുറക്കെക്കരഞ്ഞു. ഇറയത്തു കിടന്ന ചൂലെടുത്ത് അമ്മ രാജനെ അടിച്ചു. കലികയറിയതു പോലെയായിരുന്നു അമ്മയുടെ മുഖഭാവം. അത്രയും ക്ഷുഭിതയായി അമ്മയെ മുമ്പൊരിക്കലും കണ്ടിട്ടില്ല. അമ്മ രാജന്റെ ബാഗെടുത്ത് പുറത്തേക്കെറിഞ്ഞു. ഒരു നിമിഷംപോലും വീട്ടിൽ നിൽക്കാൻ അനുവദിച്ചില്ല.

ഒരു നിസാര ജന്തുവിനെച്ചൊല്ലി ഇവരൊക്കെ ഹാലിളകുന്നതെന്തുകൊണ്ടെന്നറിയാതെ രാജൻ ബാഗെടുത്ത് പടികടന്നുപോയി.

ഞങ്ങൾ ഇഞ്ചിക്കണ്ടത്തിനരികിൽ ഒരു കുഴികുത്തി അണ്ണാനെ മറവുചെയ്തു. ചോര പുരണ്ട മണൽത്തരികൾ വാരിയെടുത്തു കഴുകി. മണൽ ഉണങ്ങും മുമ്പ് അപ്പൻ തിരിച്ചെത്തി.

“മുഴുവനും കഴിയുന്നതുവരെ ഞാൻ നിന്നില്ല. ഓഡിറ്റോറിയത്തിൽ വല്ലാത്ത ചൂടായിരുന്നു.” അപ്പൻ ഉടുപ്പൂരി തോർത്തെടുത്ത് നെഞ്ചും മുഖവും തുടച്ചു. ഞാൻ അപ്പനു മുഖം കൊടുക്കാതെ വീട്ടിനുള്ളിൽ ഒളിച്ചിരുന്നു. പട്ടിക്കും പൂച്ചയ്ക്കുമെല്ലാം തീറ്റികൊടുത്തോ എന്ന് അമ്മയോടു ചോദിച്ചു. “ആ അണ്ണാന് വല്ലതും കൊടുത്തോ?” ആരും മറുപടി പറഞ്ഞില്ല.

സംഭവം അപ്പനിൽ നിന്നൊളിച്ചു വയ്ക്കാൻ തന്നെ ഞങ്ങൾ തീരുമാനിച്ചു. വൈകുന്നേരം അരുവിയിൽ കുളിച്ച് വന്ന ഞങ്ങളോട് അപ്പൻ ചോദിച്ചു. “രാജനെവിടെപ്പോയി? കണ്ടില്ലല്ലോ”

“എന്തോ അത്യാവശ്യമുണ്ടെന്ന് പറഞ്ഞു പോയി.” അമ്മ പറഞ്ഞപ്പോൾ ഞാൻ കള്ളം പറയാതെ രക്ഷപ്പെട്ടു. സത്യം മറച്ചു പിടിച്ച് അപ്പനെ നേരിടാനുള്ള വിഷമം കൊണ്ട് അപ്പനോടൊത്ത് അത്താഴത്തിനിരുന്നില്ല.

രാത്രിയിൽ തോരാതെ മഴ പെയ്തു. അപ്പൻ കിഴക്കുവെള്ളകീറും മുമ്പെണീറ്റു. മഴവെള്ളപ്പാച്ചിലിൽ മടവീണിട്ടുണ്ടാകുമെന്നു പറഞ്ഞ് വയലിലേക്കു പോയി.

ഉച്ചയ്ക്കു ഊണുകഴിച്ചു കൊണ്ടിരുന്ന അപ്പൻ ഇടയ്ക്കിടയ്ക്ക് മുറ്റത്തേക്കു നോക്കി “ആ അണ്ണാനെ കണ്ടില്ലല്ലോ” എന്നു പറയുന്നുണ്ടായിരുന്നു. എന്റെ മനസ്സിലേക്ക് അപ്പന്റെ ദുഃഖം ഇരച്ചു

കയറി. ഊണു കഴിഞ്ഞ് ഒരു കൊച്ചുരുളയുമായി അപ്പൻ മുറ്റത്തേക്കിറങ്ങി. മുറ്റത്തും പറമ്പിലുമെല്ലാം തിരഞ്ഞു നടന്നു. അപ്പൻ തിരിച്ചെത്തും മുമ്പ് പുസ്തകവുമായി ഞാൻ പിൻവാതിലിലൂടെ മാഞ്ചുവട്ടിലേക്കോടി മറഞ്ഞു.

തൊടിയിലും അയൽപക്കങ്ങളിലുമെല്ലാം അണ്ണാനെത്തേടി അപ്പൻ ഇരുട്ടുവോളം അലഞ്ഞു നടന്നു. സന്ധ്യാപ്രാർത്ഥനയ്ക്കു മുമ്പ് കുളി കഴിഞ്ഞെത്താറുണ്ടായിരുന്ന അപ്പൻ കുളിക്കാതെയും ഒന്നും കഴിക്കാതെയും മുറിയിൽ കയറി കതകടച്ചു കിടന്നു.

അപ്പന്റെ വിഷമം സഹിക്കാനായില്ല. ഞാൻ അപ്പന്റെ മുറിയിലേക്കു കടന്നു ചെന്നു. മനസ്സ് ഏതു നിമിഷവും പൊട്ടിത്തെറിക്കുമെന്നു തോന്നി. കട്ടിലിൽ ഇരുന്ന് അപ്പന്റെ മാറിലേക്കു പൊട്ടിക്കരഞ്ഞു വീണുകൊണ്ട് ഞാൻ മനസു തുറന്നു. "എന്റെ പൊന്നു മോളേ..........." എന്നു പറഞ്ഞ് അപ്പൻ കെട്ടിപ്പിടിച്ചു. പെട്ടെന്നു പിടിവിട്ട് ഒന്നും മിണ്ടാതെ ടോർച്ചെടുത്ത് ഇഞ്ചിക്കണ്ടത്തിലേക്കു നടന്നു.

"ഹാപ്പി ഫാദേഴ്സ് ഡേ..........വീ വിൽ ബി റൈറ്റ് ബാക്ക് ആഫ്ടർ ദീസ് മെസേജ്." ടെലിവിഷനിൽ ആരോ പറഞ്ഞു.

എണീറ്റു മുഖം കഴുകി. കാപ്പിക്കു വെള്ളം വെച്ചു. ടീ ഷർട്ട് വർണകടലാസിൽ പൊതിഞ്ഞു. അപ്പോഴാണോർത്തത് കാർഡു വാങ്ങാൻ മറന്നു. അടുത്തതവണയാകട്ടെ.

ആരോ കതകു തുറന്ന ശബ്ദം. ജെറി. മുഖം വല്ലാണ്ടിരിക്കുന്നു. കൈയിൽ ബ്രേക്ക് ഫാസ്റ്റില്ല. അവൻ നേരെ ബാത്ത്റൂമിലേക്കു നടന്നു. ജെറിക്കു തൊട്ടു പിന്നിൽ മത്തച്ചൻ. വിജാഗിരി ഇളകുമാറുച്ചത്തിൽ കതക് വലിച്ചടച്ചു. ദേഷ്യം വരുമ്പോൾ അങ്ങേർ ചെയ്യുന്ന പല കാര്യങ്ങളിലൊന്ന്. അകത്ത് കടന്ന് ബേസ്മെന്റിലേക്കുള്ള വാതിൽ ചവിട്ടിത്തുറന്ന് ഇറങ്ങിപ്പോയി.

"മോനെ......എന്തുപറ്റി?" ഞാൻ ബാത്ത്റൂമിന്റെ കതകിൽ തട്ടി. അവൻ തുറന്നില്ല. താഴെ ബാറിൽ ഗ്ലാസു വീണുടഞ്ഞ ശബ്ദം. ബേസ്മെന്റിലേക്കോടിച്ചെന്നു. "എന്തുണ്ടായി?" ഞാൻ ചോദിച്ചു. "നിന്റെ പുന്നാരമോൻ ഇന്നെന്നെ കൊല്ലേണ്ടതായിരുന്നു. പുറത്തിറങ്ങി നോക്ക്. ആ ജീപ്പിടിച്ചു നെരപ്പാക്കി." മത്തച്ചൻ ഗ്ലാസിലേക്കു ബിയർ പകർന്നു.

പുറത്തുപോയി നോക്കി. ജീപ്പിന്റെ മുൻവശം തകർന്നിരിക്കുന്നു. ഈശ്വരാ........ആർക്കുമൊന്നും പറ്റാഞ്ഞതു മഹാഭാഗ്യം! തിരിച്ചു വന്നപ്പോൾ ജെറി കട്ടിലിൽ മച്ചിലേക്കു നോക്കിക്കിടന്നു കരയുന്നു. "നിനക്കു വല്ലതും പറ്റിയോ മോനേ....?" ഞാൻ അവന്റെ ദേഹമാകെ പരിശോധിച്ചു.

"മമ്മീ......"

അവൻ കരഞ്ഞുകൊണ്ടു പറഞ്ഞു. "ഞാൻ കാട്ടരുവിയോരത്തെ വഴിയിലൂടെ വളരെ സൂക്ഷിച്ച് ഓടിച്ചു കൊണ്ടിരിക്കുകയായിരുന്നു. മമ്മി കണ്ടിട്ടുള്ളതല്ലേ അതിനരികിലെ കമ്പിവേലി. അതിന്റെ പുറത്തിരുന്ന ഒരു അണ്ണാൻ പൊടുന്നനെ വഴിയിലേക്കെടുത്തു ചാടി. ഞാൻ പെട്ടെന്നു വലത്തേക്കു തിരിച്ചു. ജീപ്പ് മരത്തിലിടിച്ചു അവൻ രണ്ടു കൈ കൊണ്ടും മുഖം പൊത്തിക്കരഞ്ഞു.

വർണ്ണക്കടലാസിൽ പൊതിഞ്ഞിരുന്ന സമ്മാനത്തിലേക്കു നോക്കിയ എന്റെ കണ്ണുകൾ മെല്ലെ നിറയുകയായിരുന്നു. മുഖം മറച്ചിരുന്ന ജെറിയുടെ കൈയെടുത്തു മാറ്റി. അവന് വല്യപ്പന്റെ ഛായ.

◘